Roll No.

**712**

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## അടിസ്ഥാനപാഠാവലി

ക്ലാസ്സ് VII

സമയം: 2 മണിക്കൂർ

**നിർദ്ദേശങ്ങൾ :**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിറ്റ് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം - 1**

**ബഷീറിന്റെ 'ഒരു മനുഷ്യൻ' ഓർമ്മയിലുണ്ടല്ലോ**

* ഉള്ളിൽ നന്മയുള്ള പോക്കറ്റടിക്കാരൻ
* ആപത്തിൽ സഹായി
* ദയാലു
* മനുഷ്യത്വം

(എ) ഈ കഥയിലെ 'പോക്കറ്റടിക്കാരൻ' എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയ്യാറാക്കുക.

(ബി) ജാഗ്രതയോടെ ജീവിക്കുന്നവർക്കേ ഈ ലോകത്ത് നിലനിൽപ്പുള്ളൂ - ഈ വാക്യത്തിൽ അടിവരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നതെന്തെന്ന് താഴെ കൊടുത്തവയിൽ നിന്ന് എഴുതുക.

1. തേജസ്സ്,
2. അറിവ്,
3. ശ്രദ്ധ

**പ്രവർത്തനം - 2**

**"..........ചുറ്റും ഉള്ളവരിൽ നല്ലവരുണ്ട്, മഹാക്രൂരന്മാരും കള്ളന്മാരുമുണ്ട്" -ഒരു മനുഷ്യൻ**

**മറ്റൊരു കഥ വായിക്കാം.**

അന്നും അവൻ തിരക്കുള്ള കമ്പാർട്ടുമെന്റിൽത്തന്നെ കയറി. ഇന്നലെ മോഷ്ടിച്ചുകിട്ടിയ പണം ഒന്നിനും തികഞ്ഞില്ല. തിരക്കിനിടയിൽ നിന്നും അവൻ ഒരാളുടെ ബാഗ് മോഷ്ടിച്ചു. അപ്പോഴാണ് തൊട്ടടുത്ത കമ്പാർട്ടുമെന്റിൽ നിന്ന് ഒരു ബഹളം കേട്ടത്. ചെന്നു നോക്കിയപ്പോൾ കണ്ടത് ആരോ ഉപേക്ഷിച്ചുപോയ കൈക്കുഞ്ഞ് കിടന്നു കരയുന്നതാണ്. ടി.ടി.ഇ. ആർ ആളുകളോട് ചോദിക്കുന്നുണ്ട്. ആരാണ് ഇതിന്റെ അമ്മയെന്ന്. അവൻ പിന്നെ ഒന്നും ആലോചിച്ചില്ല. കുഞ്ഞിനെയുമെടുത്ത് അടുത്ത സ്റ്റേഷനിൽ ഇറങ്ങി. അടുത്തുള്ള ഒരു അനാഥാലയത്തിൽ ആ കുഞ്ഞിനെ ഏൽപ്പിച്ചു. തിരിച്ചുവരുമ്പോൾ അവൻ മനസ്സിൽ പറഞ്ഞു. " ഞാൻ ഒരു നല്ല കാര്യമാണ് ചെയ്തത്. ഇല്ലെങ്കിൽ ഈ കുഞ്ഞും തെരുവിൽ വളർന്ന് തന്നെപ്പോലെ ഒരു കള്ളനായിത്തീർന്നേനെ...."

- അമിത അശോക്.

(എ) ഈ കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കൂ..താഴെ പറയുന്ന സൂചനകൾ കൂടി പരിഗണിക്കുക.

കഥ പറയുന്ന രീതി

'ഒരു മനുഷ്യൻ' എന്ന കഥയുമായുള്ള ബന്ധം

(ബി) കഥയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. എഴുത്താനുണ്ട്

പ്രവർത്തനം 3

'പീച്ച് പൂന്തോട്ടം' എന്ന സിനിമ നിങ്ങൾ കണ്ടിരിക്കുമല്ലോ. നിങ്ങളുടെ വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കുമായി ഈ സിനിമ പ്രദർശിപ്പിച്ചാലോ?




മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ പരിഗണിച്ച് ഒരു പോസ്റ്റർ തയ്യാറാക്കുക.

പ്രവർത്തനം 4

കുട്ടിക്കാലത്ത് നാടകം കാണാൻ പോയ അനുഭവം 'അരങ്ങ് ഉണരുന്നു' എന്ന പാഠഭാഗത്ത് സി.വി.ബാലകൃഷ്ണൻ ഏറെ രസകരമായി വിവരിച്ചത് നിങ്ങൾ വായിച്ചല്ലോ.

(എ) ഇഷ്ടപ്പെട്ട ഒരു കലാരൂപം (സിനിമ, നാടകം, കഥകളി, .....) കാണാൻ പോയ അനുഭവം നിങ്ങൾക്കുമുണ്ടാകുമല്ലോ. ഇതുമായി ബന്ധപ്പെട്ട ഒരനുഭവക്കുറിപ്പ് തയ്യാറാക്കൂ.

* കൂടെ ആരെല്ലാം?
* സമയം
* വഴിയോരക്കാഴ്ചകൾ
* മനസ്സിൽ പതിഞ്ഞത്

സൂചനകൾ ശ്രദ്ധിക്കുമല്ലോ.

(ബി) നാടകം എന്ന കല - നാടകകല. എങ്കിൽ , കലയുടെ നിലയം :കലാനിലയം................
ഒറ്റപ്പദമാക്കി എഴുതുക.

പ്രവർത്തനം 5

'പീച്ച് പൂന്തോട്ടം' എന്ന തിരക്കഥയിൽ മരങ്ങൾ വെട്ടിനശിപ്പിച്ചതിൽ വേദനിക്കുന്ന ഒരു കുട്ടിയെ നമുക്ക് കാണാം.

മനുഷ്യന്റെ ചെയ്തികളോട് പ്രകൃതിയുടെ പ്രതികരണം എന്തെന്നും നമുക്കതിൽ വായിക്കാൻ കഴിയും.

ഈ കവിത നോക്കൂ.

**മുക്കുറ്റിച്ചെടി**

മുക്കുറ്റിച്ചെടി ചോദിക്കുന്നു
'തരുമോ സ്വാതന്ത്ര്യം?
ഒരു പൂവെങ്കിലുമാകാശത്തു
വിടർത്തി നിറുത്താനായ് !
നിങ്ങടെയാകാമാകാശം
നിങ്ങടെയാകാം മണ്ണും ; പക്ഷേ
ഒരു പൂവെങ്കിലുമെന്റേതായി
വിടർത്താനൊരു മോഹം !'

( ഞാനിവിടെയുണ്ട്) (പി.പി. മധുസൂദനൻ)

(എ) 'പീച്ച് പൂന്തോട്ടം' എന്ന തിരക്കഥയുടെ ആശയം കൂടി പരിഗണിച്ച്, 'മുക്കുറ്റിച്ചെടി' എന്ന കവിതയ്ക്ക് ഒരു പ്രതികരണക്കുറിപ്പ് എഴുതൂ.